## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2394 18.06.2014-ലെ മറുപടിക്ക്**

**പുതിയ മെഡിക്കൽ കോളേജുകളുടെ നിലവിലെ അവസ്ഥ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ. നാരായണൻ | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ ആരംഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;<br><br>ബി) ഓരോ മെഡിക്കൽ കോളേജുകളുടെയും ഇപ്പോഴത്തെ അവസ്ഥ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ:; | എ)& ബി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 7 പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. അതിൽ മഞ്ചേരി മെഡിക്കൽ കോളേജ് പൂർണ്ണമായും പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. 2013-14 അദ്ധ്യയന വർഷത്തിലെ 100 സീറ്റുകളിലേക്ക് വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുകയും ചെയ്തിട്ടുണ്ട്<br><br>കോന്നി മെഡിക്കൽ കോളേജിലെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു<br><br>ഇടുക്കി മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരികയാണ്. പ്രസ്തുത മെഡിക്കൽ കോളേജിൽ അടിസ്ഥാന സൗകര്യങ്ങൾ, ഹോസ്റ്റലുകൾ, ലബോറട്ടികൾ, ക്ലാസു മുറികൾ എന്നിവയ്ക്ക് നിലവിലുള്ള കെട്ടിടങ്ങൾ രൂപഭേദം വരുത്തി സജ്ജമാക്കിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിന് അംഗീകാരം നൽകുന്നത് സംബന്ധിച്ച മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ പരിശോധന 2014 മെയ് 26, 27 തീയതികളിൽ നടന്നു കഴിഞ്ഞിട്ടുണ്ട്. |

കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് 875 ലക്ഷം രൂപ സർക്കാർ ഇതുവരെ അനുവദിച്ചു. പദ്ധതി പ്രദേശത്തെ ആഭ്യന്തര റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങളും പ്രദേശത്ത് ജലലഭ്യത ഉറപ്പു വരുത്തുന്നതിനുള്ള നടപടികളും പുരോഗമിച്ചു വരികയാണ്.

തിരുവനന്തപുരം ജനറൽ ആശുപത്രിയും തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയും സംയോജിപ്പിച്ചു കൊണ്ട് തുടങ്ങുന്ന പുതിയ മെഡിക്കൽ കോളേജിന്റെ പദ്ധതി നടത്തിപ്പ് ബി.എസ്.എൻ.എൽ ലിമിറ്റഡ് എന്ന സ്ഥാപനത്തിനാണ് നൽകിയിരിക്കുന്നത്. പ്രസ്തുത സ്ഥാപനത്തിന്റെ പ്രാഥമിക ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി ടെണ്ടർ ക്ഷണിച്ചു കഴിഞ്ഞിട്ടുണ്ട്. ബി.എസ്.എൻ;എൽ സമർപ്പിച്ച എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 190 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്

വയനാട് മെഡിക്കൽ കോളേജ് തുടങ്ങുവാനായി ചന്ദ്രപ്രഭാ ചാരിറ്റബിൾ ട്രസ്റ്റ് 50 ഏക്കർ സ്ഥലം സൗജന്യമായി നൽകാമെന്ന് അറിയിച്ചിട്ടുണ്ട്. സ്ഥലം കൈമാറി ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

ഹരിപ്പാട് പൊതു സ്വകാര്യ പങ്കാളിത്തത്തിൽ ആരംഭിക്കുന്ന മെഡിക്കൽ കോളേജിനായി എൻ.ടി.പി.സി യുടെ കീഴിലുള്ള 25 ഏക്കർ സ്ഥലം ഏറ്റെടുക്കാനുള്ള നടപടികൾ നടന്നു വരുന്നു.

സെക്ഷൻ ഓഫീസർ